KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

8471/സർക്കുലർ തിയതി : 23.11.2021

**സർക്കുലർ നമ്പർ : 88/2021 (GAD)**

വിഷയം : ബാങ്കേഴ്സ് ഇൻഡിമിനിറ്റി ഇൻഷുറൻസ് പോളിസി - നടപടിക്രമങ്ങൾ സംബന്ധിച്ച്

അഗ്നിബാധ പോലുള്ള അപകടങ്ങൾമൂലമോ മോഷണംമൂലമോ വ്യാജസ്വർണ്ണ ഉരുപ്പടികൾ പണയം വെച്ചതിന്റെ ഭാഗമായോ നമ്മുടെ ശാഖകൾക്ക്/ ഓഫീസുകൾക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കാനായി ബാങ്കേഴ്സ് ഇൻഡിമിനിറ്റി ഇൻഷുറൻസ് പോളിസി ഏർപ്പെടുത്തിയിട്ടുണ്ടല്ലോ.. ഈ പോളിസിയ്ക്ക് വിധേയമായ അത്യാഹിതങ്ങൾ ശാഖകളിൽ ദൗർഭാഗ്യവശാൽ സംഭവിക്കുകയാണെങ്കിൽ എടുക്കേണ്ട നടപടി ക്രമങ്ങൾ താഴെ കൊടുക്കുന്നു.

1. അത്യാഹിതം അറിഞ്ഞാലുടൻ കോർപ്പറേറ്റ് ഓഫീസിൽ അറിയിക്കുകയും കോർപ്പറേറ്റ് ഓഫീസിന്റെ നിർദ്ദേശത്തോടെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകുക
2. പോലീസ് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിന്റെ പകർപ്പ് ശേഖരിക്കുക.
3. അതതുകാലങ്ങളിൽ നിലനിൽക്കുന്ന ഇൻഷുറൻസ് ഏജൻസിയെ അത്യാഹിതം നടന്നതിന്റെ വിവരം ഉടൻ അറിയിക്കുക (പോളിസി വിവരങ്ങൾക്കും ഇൻഷുറൻസ് ഏജൻസി വിവരങ്ങൾക്കും ഹെഡ്ഡാഫീസിലെ പൊതുഭരണ വിഭാഗവുമായി ബന്ധപ്പെടുക).
4. മുകളിൽ കാണിച്ച നടപടികൾ സ്വീകരിച്ചാൽ അതത് ഇൻഷുറൻസ് ഓഫീസർ സ്ഥലസന്ദർശനം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുന്നതുമാണ്. തദവസരത്തിൽ ഇതിനോടുബന്ധപ്പെട്ട ഫയലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ പരിശോധനയ്ക്കായി കാണിച്ചു ബോധ്യപ്പെടുത്തുക.
5. നഷ്ടത്തിന്റെ / അത്യാഹിതത്തിന്റെ വസ്തുതകളും അത് അറിയാനിടയായ സാഹചര്യങ്ങളും സംബന്ധിച്ച വിശദമായ റിപ്പോർട്ടും എഫ്.ഐ. ആറിന്റെ പകർപ്പും ശാഖകൾ / ഓഫീസുകൾ കെ.എസ്.എഫ്.ഇ. ഹെഡ്ഡാഫീസിലെ പൊതുഭരണവിഭാഗത്തിലേയ്ക്ക് സമയബന്ധിതമായി അയക്കേണ്ടതാണ്. ഇൻഷുറൻസ് ക്ലെയിം സംബന്ധിച്ച തുടർനടപടികൾ ഹെഡ്ഡാഫീസ് സ്വീകരിക്കുന്നതാണ്.

അത്യാഹിതങ്ങൾ വരാതെ സൂക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ് എന്ന ഉത്തരവാദിത്വത്തോടെയാകണം ഓരോ ജീവനക്കാരനും/ജീവനക്കാരിയും അവരവരുടെ ചുമതലകൾ നിർവ്വഹിക്കേണ്ടത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ. കൂടാതെ ഗോൾഡ് അപ്രൈസർമാർക്ക് കുറഞ്ഞ പ്രീമിയത്തിൽ ഗോൾഡ് ഫിഡിലിറ്റി ഗ്യാരണ്ടി ഇൻഷുറൻസ് പോളിസി എടുക്കുന്നത് സംബന്ധിച്ച് സർക്കുലർ 36/2008 dt.01.04.2008 പ്രകാരവും ഹെഡ്ഡാഫീസ് അസിസ്റ്റന്റ് ജനറൽ മാനേജറുടെ (ബിസിനസ്സ്) 12.03.2021 തിയതിയിലെ 12404-ാം നമ്പർ കത്ത് പ്രകാരവുമുള്ള വിവരങ്ങൾ / നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നും ഇതിനാൽ അറിയിക്കുന്നു. നിലവിലുള്ള ഗോൾഡ് ഫിഡിലിറ്റി ഗ്യാരണ്ടി ഇൻഷുറൻസ് പോളിസി അപ്രൈസർമാർ അതതു വർഷത്തിൽ പുതുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സ്ട്രോംഗ്റൂമിൽ ഗോൾഡ് / ക്യാഷ് സൂക്ഷിക്കുന്ന സേഫ്/അലമാര അതുപോലെ സേഫ് ഡിപ്പോസിറ്റ് ലോക്കർ ഒഴികെ മറ്റ് വസ്തുക്കൾ സൂക്ഷിക്കുന്നത് പൂർണ്ണമായി ഒഴിവാക്കേണ്ടതാണ് എന്ന നിലവിലെ നിർദ്ദേശവും കർശനമായി പാലിക്കേണ്ടതാണ്.

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിനുവേണ്ടി,

**വി പി സുബ്രഹ്മണ്യൻ**

**മാനേജിംഗ് ഡയറക്ടർ**

പകർപ്പ് :-

| | | | |
|---|---|---|---|
| 1 | ശാഖാതലവൻമാർ | 2 | എ ജി എം (റീജിയൺസ്) |
| 3 | ഐ.എ.ഡി.ടീമുകൾ | 4 | എസ്.ഡി.റ്റി ആപ്പീസുകൾ |
| 5 | എം.ഡി.യുടെ പി.എ | | |